# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി8)542/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 26/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി8)542/23 തീയ്യതി: 26/04/2023

## തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2022 മുതൽ 09-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 13-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-04-2023 | 13-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഷീന കെ ടി, ഓഡിറ്റ് ഓഫീസർ

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുമിത ടി എസ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സന്ധ്യ നൈസൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.നാസർ.കെ .എച്ച് | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി.സു ബൈ ദ.എം .വി | സെക്രട്ടറി | 08-05-2021 | 09-05-2021 |
| ശ്രീമതി.ജയ സുരേന്ദ്ര ൻ | സെക്രട്ടറി | 10-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ . കെ .എ. സാ ബു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജ്യൂ ണി ജോ സ് റോ ഡ്റിം ഗ്സ് | ഡയറി എക്സ്റ്റൻഷൻ ഓഫീ സർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെസ്സി.വി .ഡി | സി.ഡി.പി .ഒ | 01-04-2021 | 31-05-2021 |
| ശ്രീമതി.അംബിക.കെ.കെ | സി.ഡി.പി .ഒ | 01-06-2021 | 30-06-2021 |
| ശ്രീമതി.ടി റ്റി .ബി.ജി | സി.ഡി.പി .ഒ | 01-07-2021 | 03-11-2021 |
| ശ്രീമതി.ഡിനി വിൻസെന്റ് | സി.ഡി.പി .ഒ | 04-11-2021 | 04-11-2021 |
| ശ്രീമതി.സിൽവി . കെ .ഡി | സി.ഡി.പി .ഒ | 05-11-2021 | 31-03-2022 |
| ശ്രീമതി.സുനിത.പി.പി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജിന.കെ.വി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ആശ.പി.എസ്. | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി സോണിയ. ആർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുരജ.പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 18-12-2021 |
| ശ്രീ.ഷാബു.ടി.ആർ | പട്ടികജാതി വികസന ഓഫീസർ | 19-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകളിലെ അപാകതകൾ | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-8-1 |
| 10 | ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-8-2 |
| 11 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-8-3 |
| 12 | ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-8-4 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-5 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-6 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-8-7 |
| 16 | " Capital Contribution” - തുക മാറ്റമില്ല | 1-8-8 |
| 17 | ആസ്തി തെറ്റായി രേഖപ്പെടുത്തിയത് തുടർ വർഷം ക്രമീകരിക്കേണ്ടതാണ് | 1-8-9 |
| 18 | ആസ്തികൾ തെറ്റായി രേഖപ്പെടുത്തി | 1-8-10 |
| 19 | ത്രിവേണി സൂപ്പർ മാർക്കറ്റ്-വാടക കുടിശ്ശിക ഈടാക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ് | 1-9 |
| 20 | വാടക | 1-10 |
| 21 | ആളൂർ വ്യവസായ എസ്റ്റേറ്റ്-നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 22 | തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-12 |
| 23 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ | 1-13 |
| 24 | ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയില്ല | 1-14 |
| 25 | GeM മുഖേന വാങ്ങൽ നടത്തിയില്ല | 1-15 |
| 26 | മരുന്ന് ലഭ്യമായിട്ടില്ല | 1-16 |
| 27 | രേഖകൾ ഹാജരാക്കിയില്ല | 1-17 |

| | | |
|---|---|---|
| 28 | ഡയാലിസിസ് യൂണിറ്റ് മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി | 1-18 |
| 29 | മരുന്ന് വാങ്ങൽ -മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തി | 1-19 |
| 30 | വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ് | 1-20 |
| 31 | ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി | 1-21 |
| 32 | കമ്മിറ്റി തീരുമാനം തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 1-22 |
| 33 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി | 1-23 |
| 34 | നെയ്യുണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ് | 1-24 |
| 35 | ക്യാൻ തൃശ്ശൂർ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-25 |
| 36 | HMC വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടില്ല | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 15.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 65280350 | 70088746 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 15.03.2022, തീരുമാനം നം. 3(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 68733487 | 69645718 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 21.05.2022 | 31-7-2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2857872 |
| വരവ് | 58215537 |
| ആകെ | 61073409 |
| ചെലവ് | 53208685 |
| നീക്കിയിരിപ്പ് | 7864724 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 19077648 | 18734000 | 343648 |
| വികസനഫണ്ട്-എസ് സി പി | 12896827 | 11085313 | 1811514 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 0 | 0 | 0 |
| മെയിന്റനൻസ്-റോഡിതരം | 6230006 | 5456602 | 773404 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 8443451 | 2440867 | 6002584 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 3578000 | 3027083 | 550917 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പദ്ധതിയുടെ ശതമാനം | പൂർത്തീകരിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|
| 52 | 35817981 | 45 | 28136478 | 87 | 79 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-04-2023 തീയതിയിൽ 4.10 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്. വൗച്ചർ സൂക്ഷിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

തൻ വർഷത്തെ വൗച്ചറുകൾ പ്രതിമാസമായി സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പകരം ചെക്ക് ഇഷ്യൂ രജിസ്റ്ററാണ് എഴുതി സൂക്ഷിക്കുന്നത്. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ വൗച്ചർ നമ്പർ ചേർക്കുന്നില്ല. തീയതി അടിസ്ഥാനത്തിലാണ് ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതുന്നത്. സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഒരു വർഷത്തെ വൗച്ചറുകൾക്ക് നമ്പരുകൾ തുടർച്ചയായി മാന്വൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന പേമെന്റ് വൗച്ചർ പ്രിന്റ് എടുത്തു വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ മാത്രമാണ് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ളത്. സാംഖ്യയിലെ എല്ലാ വൗച്ചറുകളും മാസാടിസ്ഥാനത്തിൽ പ്രിന്റ് എടുത്ത് പേമെന്റ് വൗച്ചർ സഹിതം വൗച്ചർ നമ്പർ അടിസ്ഥാനത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 1-8 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

### 1-8-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-8-2 ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (7 കെട്ടിടങ്ങൾ) | 130100101-Rent From Building | 58170 | 31.3.2022 | 42100073 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-8-3 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ

2.ലേലം ഡിമാന്റ് രജിസ്റ്റർ

## 1-8-4 ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | 13379.00 |
| 280800101-Prior Period-Establishment Expenses | (107200.00) |
| 280800701-Prior Period- Programme Expenses | (12328040.00) |

## 1-8-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-8-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5006852.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5248148.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-7 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-8-8 " Capital Contribution" - തുക മാറ്റമില്ല

31/3/2021-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന

ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-8-9 ആസ്തി തെറ്റായി രേഖപ്പെടുത്തിയത് തുടർ വർഷം ക്രമീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ -73/22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം കെൽട്രോണിന് തുക കൈമാറിയപ്പോൾ മുൻകൂർ ഹെഡ്ഡിലാണ് ഉൾപ്പെടുത്തേണ്ടതിനു പകരം തുക (294174 രൂ ) 410710103 Movable Assets Office Equipments എന്ന ഹെഡ്ഡിൽ ആസ്തി ആയി ഉൾപ്പെടുത്തി. എന്നാൽ കെൽട്രോൺ കമ്പ്യൂട്ടർ സ്റ്റോക്ക് ഇല്ല എന്ന കാരണത്താൽ തുക തിരികെ ബ്ലോക്കിന് നൽകി. 2022-23 ലാണ് പിന്നീട് പദ്ധതി നടപ്പിലാക്കിയത്. ആയതിനാൽ 21-22 ൽ 294174 രൂപക്കുള്ള ആസ്തികൾ കൂടുതലായി വന്നിട്ടുണ്ട്.

## 1-8-10 ആസ്തികൾ തെറ്റായി രേഖപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 5611095 |
| 410300103-Roads Metal | 3264796 |
| 410300301-Culverts | 1834848 |
| 410400101-Drinking Water Sources | 1440693 |
| 410400103-Drinking Water -Pipelines | 1774612 |
| 410500101-Irrigation Sources | 2405078 |
| 410500102-Irrigation -Distribution System | 916355 |
| 410600101-Electricity Mycro Hydel Project | 446091 |
| 410600102-Line Extension | 194350 |
| 410600104-Street Lights | 374796 |

ഈ ആസ്തികളിന്മേൽ ഡിപ്രിയിസേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്. മേൽ നിരീക്ഷണം പരിശോധിച്ച് കൈമാറിയിട്ടുള്ള ആസ്തികൾ Prior Period Items ലേക്ക് ക്രമീകരിച്ച് ബാലൻസ്ഷീറ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-9 ത്രിവേണി സൂപ്പർ മാർക്കറ്റ്-വാടക കുടിശ്ശിക ഈടാക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ്

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള SGSY കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റിന്റെ വാടക സ.ഉ.(സാധാ) നം. 587/2021 ത.സ്വ.ഭ.വ തീയതി. 25/2/2021 പ്രകാരം ത്രിവേണി സൂപ്പർ മാർക്കറ്റിന് നല്കിയ 8 കടമുറികൾ വാടക രഹിതമായി പ്രവർത്തിച്ച 1-9-2015 മുതൽ 20/11/2019 വരെയുള്ള കാലയളവ് ക്രമീകരിച്ചു നല്കുകയും പ്രസ്തുത 8 കടമുറികൾക്ക് 21/11/2019 മുതൽ വാടക ഈടാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും 9/12/2019-ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമുള്ള വാടകയായ 13548/- രൂപ (നികുതികൾ ഒഴികെ) 21/11/2019 മുതൽ പിഴ സഹിതം ഈടാക്കേണ്ടതുമാണെന്ന് 2020-21-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21 ൽ പരാമർശിച്ചിരുന്നു.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമവികസന കമ്മീഷണറുടെ 31/8/2021 തീയതിയിലെ 18310/ഡി.പി/2013 കത്ത് പ്രകാരം ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന മുറികളുടെ വാടക കുടിശ്ശിക 21/11/2019 മുതൽ പലിശയടക്കം വസൂലാക്കി റിപ്പോർട്ട് ചെയ്യുന്നതിനും പ്രിൻസിപ്പൽ അക്കൌണ്ടന്റ് (ആസിക്-1), തൃശ്ശൂരിന്റെ 2/8/21ലെ Lr. No.Audit1/AmLr1/(HQ)3/1 കത്ത് പ്രകാരം വാടകയിനത്തിൽ ലഭ്യമാക്കേണ്ട തുക മുഴുവനായും വസൂലാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും 14/9/2021 തീയതിയിലെ ആർ.ഡി5/1032/19 നം മേലെഴുത്ത് പ്രകാരം അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തും ടി സ്ഥാപനത്തിന്റെ എം.ഡി യും തമ്മിലുള്ള കരാറിന് വിരുദ്ധമായി 2017-18 വർഷത്തെ വസ്തുനികുതിയായ 8019/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അടവാക്കിയിരുന്നു. ടി തുക പ്രസ്തുത സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടില്ല. 7 ദിവസത്തിനകം വാടകയും കുടിശ്ശികയും പലിശസഹിതം ഈടാക്കണമെന്ന് തീരുമാനിക്കുകയും ആയതിന്റെ അടിയന്തിര തീരുമാനം എടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (14/9/21ലെ അജണ്ട:5, തീരുമാനം 1). ഇതുസംബന്ധിച്ച തുടർനടപടികൾ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 9/9/21, 21/10/21 എന്നീ തീയതികളിലെ നം.C2322/15 പ്രകാരം കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് റീജിയണൽ മാനേജർക്ക് കത്തുകൾ അയച്ചിരുന്നെങ്കിലും നാളിതുവരെ കുടിശ്ശിക അടവാക്കുകയോ കരാർ പുതുക്കുകയോ കടമുറി ഒഴിഞ്ഞുതരികയോ ചെയ്തിട്ടില്ലെന്നും സ.ഉ.(സാധാ) നം. 587/2021 ത.സ്വ.ഭ.വ തീയതി. 25/2/2021 ഉത്തരവ് നടപ്പാക്കുന്നതിനായി 9/11/21 ൽ C2322/2015 നമ്പർ കത്ത് കേരള ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് തൃശ്ശൂർ എ.ഡി.സി. ജനറൽ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 14/13-4-23).

ബ്ലോക്ക് പഞ്ചായത്ത് വസ്തുനികുതിയിനത്തിൽ അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനും ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന മുറികളുടെ വാടക കുടിശ്ശിക 21/11/2019 മുതൽ പലിശയടക്കം ഈടാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമയ്ക്കാത്ത പക്ഷം കെട്ടിടം ഒഴിവാക്കുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാടക

A)വാടക രജിസ്റ്റർ പരിശോധനയിൽ താഴേക്കാട് വ്യവസായകേന്ദ്രം, ആളൂർ വ്യവസായകേന്ദ്രം എന്നിവയിലെ കെട്ടിടങ്ങളിൽനിന്നും വാടകയിനത്തിൽ വരവില്ല. ടി കെട്ടിടങ്ങൾ നിലവിൽ ഒഴിഞ്ഞുകിടക്കുകയാണോയെന്നും വാടകയ്ക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 14/13-4-23). ടി കെട്ടിടങ്ങൾ വാടകയ്ക്ക് നല്കി സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

B)ത്രിവേണി സൂപ്പർ മാർക്കറ്റ് ,ആളൂർ വ്യവസായകേന്ദ്രം എന്നിവയിൽ നിന്നുള്ള വാടക സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതും വാടക ബൈലോ തയ്യാറാക്കി ഭരണവകുപ്പിൽനിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം. 14/13-4-23).

## 1-11 ആളൂർ വ്യവസായ എസ്റ്റേറ്റ്-നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

ആളൂർ വ്യവസായകേന്ദ്രം കെട്ടിട നം. 356/A-ലെ വാടകക്കാരിയായ രമ പ്രകാശൻ എന്നവരെ 24/3/23-ലെ C443/2020 നമ്പർ കത്ത് പ്രകാരം 2020 മാർച്ച് മുതൽ ഉള്ള വാടക കുടിശ്ശിക പലിശ സഹിതം താഴെ പറയുന്ന മൂന്ന് ഗഡുക്കളായി അടവാക്കുവാൻ അറിയിച്ചിട്ടുണ്ട്.

ഒന്നാം ഗഡു – 68808രൂപ

രണ്ടാം ഗഡു - 73210രൂപ

മൂന്നാം ഗഡു – 70170രൂപ

-------------------------

ആകെ - 212188രൂപ

ആദ്യഗഡു 30/3/23 തീയതിക്കകം അടവാക്കണമെന്നും മറ്റ് ഗഡുക്കൾ 30/4/23, 30/5/23 എന്നീ തീയതിക്കുള്ളിൽ അടവാക്കണമെന്നും കെ.എസ്.ഇ.ബി ബിൽ തുക അടവാക്കാത്തതിനാൽ കെട്ടിടത്തിലേക്കുള്ള

കണക്ഷൻ വിച്ഛേദിക്കുകയും കണക്ഷൻ പുനസ്ഥാപിക്കുന്നതിനുള്ള തുക ടിയാരി അടവാക്കുമെന്ന് 13/1/23-ലെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതിനാൽ ആയത് അടവാക്കി രസീതി ഹാജരാക്കണമെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ ടിയാരി ആദ്യഗഡു തുക അടവാക്കിയിട്ടില്ലെന്നും കെ.എസ്.ഇ.ബിയിൽനിന്നുള്ള രസീതി ഹാജരാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 14/07/2020 തീയതിയിലെ WP(C)11313/20 ഹൈക്കോടതി വിധി പ്രകാരം വാടക കുടിശ്ശിക രണ്ട് മാസത്തിനുള്ളിൽ അടവാക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്, എന്നാൽ ടിയാരി വാടക കുടിശ്ശിക അടവാക്കുകയോ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് വാങ്ങി രജിസ്ട്രേഷൻ പുതുക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. ടിയാരിയിൽ നിന്നും തുക ഈടാക്കുന്നതിനായി ഭരണസമിതി തീരുമാനപ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 2/13-4-23).

## 1-12 തുടർനടപടികൾ അറിയിക്കേണ്ടതാണ്

1)16/12/21-ലെ തീരുമാനം നമ്പർ 10(3) പ്രകാരം മാള കുണ്ടൂർ റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന 1.45 മീറ്റർ വണ്ണവും 2 മീറ്റർ ഉയരവുമുള്ള അക്വേഷ്യ മരവും അതിന് സമീപം 8 മീറ്റർ ഉയരവും 95 സെ. മീറ്റർ വണ്ണവുമുള്ള അക്വേഷ്യ മരവും തെക്ക് ഭാഗത്ത് മതിലിനോട് ചേർന്ന് നിൽക്കുന്ന മഹാഗണിമരങ്ങളിൽ 1.5 മീറ്റർ വണ്ണവും 7 മീറ്റർ ഉയരവുമുള്ള മഹാഗണിയും മദിരാശി മരത്തിന്റെ അപകടകരമായി നിൽക്കുന്ന ശിഖരങ്ങളും വെട്ടിമാറ്റുന്നതിന് തീരുമാനിച്ചിരുന്നു.

2)മാള ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആളൂർ വ്യവസായ എസ്റ്റേറ്റിലെ ഭൂമി പോക്കുവരവ് നടത്തുന്നതിന് 24/11/21-ലെ തീരുമാനംനമ്പർ 2(3) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

മേൽ കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 13/13-4-23).

## 1-13 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ

പ്രോജക്ട് നം : 13/22

പ്രോജക്ടിന്റെ പേര് : ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി(എസ്.സി.പി)

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 2298873/- (എസ്.സി.പി)

ചെലവ് തുക : 1595000/- (എസ്.സി.പി)

മേൽ പദ്ധതിയിൽ സ്ത്രീകളുടെ 5 പേരടങ്ങിയ 8 ഗ്രൂപ്പുകൾക്ക് സബ്സിഡിയായി ആകെ 1595000/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ.കൈ.നം. 22/2018 ത.സ്വ.ഭ.വ, 14/2/2018 സബ്സിഡി മാർഗ്ഗരേഖ ചെറുകിടവ്യവസായം ഖണ്ഡിക 6.4 മാനദണ്ഡം അനുസരിച്ച് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത്. ഫയൽ പരിശോധനയിൽ മേൽ സൂചിപ്പിച്ച പ്രകാരം ധനസഹായം ലഭ്യമായിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഗ്രൂപ്പംഗങ്ങൾ ഹാജരാക്കിയിട്ടില്ല. അപാകതകൾ സൂച്ചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയ ഒരാളേയും ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 3/13-4-23). ഭാവിയിൽ ആവശ്യമായ രേഖകളോടെ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയില്ല

2021-22 വർഷത്തെ ഓഡിറ്റിനായി താഴെ കൊടുക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ- 9 /13.4.2023).

1. സൂപ്രണ്ട് സി.എച്ച്.സി പെരിഞ്ഞനം

2. പട്ടിക ജാതി വികസന ഓഫീസർ

3. വ്യവസായ വികസന ഓഫീസർ

ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകകളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇ-ബിൽ ബുക്ക് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 GeM മുഖേന വാങ്ങൽ നടത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – സൂപ്രണ്ട് സി.എച്ച്.സി മാള
പദ്ധതി നമ്പർ-96/22
വൗച്ചർ നമ്പർ-22100735/9.3.22-121120/-
മാമ്പ്ര, ആളൂർ പി.ച്ച്.സികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.)സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 2020-21 ൽ ടെണ്ടർ വിളിച്ച എങ്കിലും വാങ്ങൽ നടത്തിയില്ല. പിന്നീട് 21-22 ൽ റീ-ടെണ്ടർ നടത്തിയാണ് ഫർണ്ണീച്ചർ വാങ്ങിയിട്ടുള്ളത്. ആദ്യ ടെണ്ടർ പ്രകാരം വാങ്ങൽ നടത്താത്തതിന് ആധാരമായ ബ്ലോക്ക് ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. തീരുമാനം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.)25000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ GeM മുഖേന വാങ്ങേണ്ടതാണ്. എന്നാൽ GeM മുഖേന വാങ്ങൽ നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-97/22 ആളൂർ പി.എച്ച്.സി-യിൽ ശുചിത്വ സംവിധാനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ പ്രൊജക്ടിലും (122506/-) GeM മുഖേന വാങ്ങൽ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 മരുന്ന് ലഭ്യമായിട്ടില്ല

വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയതിൽ മരുന്ന് ഇനിയും ലഭ്യമാകാത്തതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, സി.എച്ച്.സി മാള.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | പ്രൊഫോർമ്മ ഇൻവോയ്സ് നമ്പർ | ലഭിക്കുവാനുള്ള മരുന്ന് |
|---|---|---|---|
| 1 | 11/22 പെരിഞ്ഞനം സി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | PRF 3545/24.11.21-500000/-<br>PRF-3755/1.12.21-100000/-<br>PRF-3642/29.11.21-100000/- | 75972<br>29010<br>100000/- |
| 2 | 34/21 സെക്കന്ററി പാലിയേറ്റീവ് | PRF-2204/20.9.21-887684/-<br>PRF-6849/14.3.2022-245608/- | 170835/-<br>149075/- |

മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 രേഖകൾ ഹാജരാക്കിയില്ല

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ചെക്ക് നമ്പർ-6130531/23.4.21 പ്രകാരം 10000 രൂപ മെഡിക്കൽ ഓഫീസർ പിഎച്ച് സി മാമ്പ്രക്ക് നൽകിയിട്ടുണ്ട്. കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിന് നൽകിയ പ്രസ്തുത തുകക്ക് ആധാരമായ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ- 15 /13.4.2023). ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 10000 രൂ തടസ്സപ്പെടുത്തുന്നു.

## 1-18 ഡയാലിസിസ് യൂണിറ്റ് മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി

പദ്ധതി നമ്പർ-12/2022

ഫണ്ട് -പ്ലാൻ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സി.എച്ച്.സി, മാള

ചെലവ് - 23,60,159/- രൂപ പ്ലാൻ ഫണ്ട്
2,95,965/- രൂപ തനത് ഫണ്ട്

| വൗച്ചർ നം./തീയതി | തുക |
|---|---|
| 22100154 /12.7.21 | 2,20,198 |
| 22100190/27.7. 21 | 5,698 |
| 22100109/10.6.21 | 2,58,668 |
| 22100112/23.6.21 | 1,78,950 |
| 22100233/9.8.21 | 2,14,304 |
| 22100274/14.9.21 | 2,700 |
| 22100275/14.9.21 | 2,09,868 |
| 22100416/9.11.21 | 2,02,741 |
| 22100388/8.10.21 | 2,07,405 |
| 22100567/6.1.22 | 2,36,183 |
| 22100369/28.10.21 | 2,903 |
| 22100490/7.12.21 | 1,70,381 |
| 22100640/9.2.22 | 2,71,541 |
| 22100838/26.3.22 | 1,78,619 |

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മാളയിലെ ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പ് 3.10.2019 തീയതിയിലെ ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1(2) തീരുമാന പ്രകാരം ആശുപത്രി മാനേജിങ്ങ് കമ്മറ്റിയെ ഏൽപ്പിച്ചു.2021-22ൽ ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കീഴിൽ ഉള്ള ഡയാലിസിസ് യൂണിറ്റിന്റെ ചെലവിലേക്കായി ആകെ 23,60,159/- രൂപ പ്ലാൻ ഫണ്ടും 2,95,965/- രൂപ തനത് ഫണ്ടും ചെലവഴിച്ചിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഡയാലിസിസ് യൂണിററിലെ സ്റ്റാഫിന് (ഡയാലിസിസ് ടെക് നീഷ്യൻമാർ) ശമ്പളം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ (കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 8.10(5) പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് മേൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് അനുവദനീയമല്ല. ഇത്തരത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് ശമ്പളം നൽകുന്നതിന് ആധാരമായ ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷ പദ്ധതിക്കായുള്ള ഉത്തരവ് (ജി.ഒ(എംഎസ്) നം.72/17 /ത.സ്വ.ഭ.വ തീയതി.29.3.17 ഖ.12.11.2(8) ൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ തുടർന്നുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവിൽ മേൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ആശുപത്രി മാനേജിങ്ങ് കമ്മറ്റിക്കാണ് ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പ് ഏൽപ്പിച്ചു നല്കിയിരിക്കുന്നത്. ആയതിനാൽ മരുന്ന്, ഡയാലിസിസ് കിറ്റ് എന്നിവ വാങ്ങുന്നതിനും ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിനും വേണ്ടി തയ്യാറാക്കി നടപ്പിലാക്കിയ മേൽ പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13.4.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾക്ക് പ്രത്യേക സർക്കാർ അംഗീകാരം വാങ്ങാതെ നടപ്പിലാക്കുന്നത് ഉത്തരവിന് വിരുദ്ധമാണ്. തുടർ വർഷങ്ങളിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി മാത്രമേ ഇത്തരം പദ്ധതികൾ നടത്താവൂ.

1-19 മരുന്ന് വാങ്ങൽ -മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തി

പദ്ധതി നമ്പർ-11/22

പദ്ധതി നമ്പർ-34/22

പദ്ധതി നമ്പർ-46/22

| വൗച്ചർ നം/തീയതി | തുക |
|---|---|
| 22100737/7.3.22 | 75,000 |
| 22100738/7.3.22 | 75,000 |
| 22100733/9.3.22 | 75,000 |
| 22100734/9.3.22 | 75,000 |
| 22100157/15.7.21 | 1,50,000 |
| 22100232/9.8.21 | 2,00,000 |
| 22100788/15.3.22 | 2,45,608 |
| 22100672/23.2.22 | 2,57,462 |

21-22 ൽ സൂപ്രണ്ട് സി.എച്ച്.സി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിലും പാലിയേറ്റീവ് പദ്ധതിയിലും KMSCL നിന്നല്ലാതെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേനയും മരുന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം (സ.ഉ.(കൈ) 22/2018/ തസ്വഭവ തീയതി.14.02.2018 ഖണ്ഡിക 7.5.4 പ്രകാരം നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങുന്നതിന് HMC യുടെ തീരുമാനം ആവശ്യമാണ് .HMC തീരുമാനം ഉണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തുന്നത് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-20 വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്

വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിലെ അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ലേലം ചെയ്യാവുന്ന മണ്ണിന്റെ അളവ് | പഞ്ചായത്ത് | കത്ത് നം. |
|---|---|---|---|---|
| 1 | ആലത്തൂർ ചാരുപടി കലുങ്ക് നിർമ്മാണം (16/22)<br>MB No.11/2020-21 | 15m3 | അന്നമനട | AE/MALA /2021-22 /08.11.2021 |
| 2 | കൊമ്പൊടിഞ്ഞാമാക്കൽ മുസ്ലീം പള്ളി ഡ്രെയിൻ നിർമ്മാണം (54/22)<br>MB No.11/2020-21 | 90m3 | ആളൂർ | AE/MALA /2021-22 /05.11.2021 |

ടി മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 01 /13.04.2023)

## 1-21 ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G

പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവർത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | TRN നം. |
|---|---|---|---|---|---|---|
| 1. | കണ്ണിയങ്ങാട്ടി കുളം ജല സംരക്ഷണം (93/22) | 05/2020 | 196793/- | 9840/- | 206633/- | 212306000000005446/27.10.2021 |

മേൽ പ്രകാരം 9840/- രൂപ ജി.എസ്.ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ നൽകിയിരിക്കുന്നത്. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 11 /13.04.2023).

## 1-22 കമ്മിറ്റി തീരുമാനം തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

15-3-22, അജണ്ട – 9, തീരുമാനം-3

2021-22 പദ്ധതിയിൽ ഉൾപ്പെട്ട പ്രോ,നം.24/22, മാള കെ.കെ.എസ്.സി.എച്ച്.സി അറ്റകുറ്റപ്പണികൾ എന്ന പ്രവർത്തിയുടെ ഭാഗമായി കോമ്പൗണ്ട് വാൾ പൊളിച്ചതിന്റെ ഉപയോഗശൂന്യമായ കരിങ്കൽ ചീളുകൾ, പൊട്ടിയ ഇഷ്ടികകൾ, മണ്ണ് എന്നിങ്ങനെയുള്ള അവശിഷ്ടങ്ങൾ എന്നിവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്, എ.ഇ.എൽ.എസ്.ജി.ഡി-യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി

22-9-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്, എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി നൽകുന്നതിന് പകരം, എസ്റ്റിമേറ്റ് തുക + 12%

ജി.എസ്.ടി-യുടെ 4% ആണ് പ്രതിഫലമായി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നൽകാവുന്ന തുക (എസ്റ്റിമേറ്റ് തുകയുടെ 4%) | നൽകിയത് (എസ്റ്റിമേറ്റ് തുക+12% ജി.എസ്.ടി) | അധികം നൽകിയത് | വൗച്ചർ നം./തിയതി |
|---|---|---|---|---|
| 113/22 മാള സി.എച്ച്.സി മെയിൻ ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ | 88968.50x4% =3559 | 99644.72x4% =3986 | 427 | 22100843, Dt.26-3-22, Amt.103631 വർഗ്ഗീസ് പ്ലാശ്ശേരി |
| 78/22, പാലത്താംകുഴി ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ പമ്പ് സെറ്റ് ഇൻസ്റ്റലേഷൻ | 341622x4% =13665 | 382616x4% =15305 | 1640 | 22100782, Dt.16-3-22, Amt.362871 വർഗ്ഗീസ് പ്ലാശ്ശേരി |
| 33/22 കദളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ ഇൻസ്റ്റലേഷൻ | 409956.88x4% =16398 | 459151.68x4% =18366 | 1968 | 22100849, Dt.30-3-22, Amt-201658 വർഗ്ഗീസ് പ്ലാശ്ശേരി |
| | ആകെ | | 4035 | |

അധിക തുക നൽകിയത് ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-24 നെയ്യുണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ്

കുഴൂർ ഗ്രാമപഞ്ചായത്തിലെ, നെയ്യുണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ സി.എഫ്.സി (വൗച്ചർ നം. 22100807, Dt.22-3-22) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച് കുഴൂർ ഗ്രാമപഞ്ചായത്ത് 9-3-22ന് നൽകിയ എ3/579/2022 നമ്പർ വിനിയോഗസാക്ഷ്യപത്രം പ്രകാരം, 1,84,777 രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. ബാലൻസ് തുക പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. ആയത് തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-25 ക്യാൻ തൃശ്ശൂർ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ക്യാൻ തൃശ്ശൂർ പദ്ധതിയ്ക്കായി, ബിൽ നം. 35, Dt.20-1-22 പ്രകാരം, 100000/- രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 HMC വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടില്ല

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ(സാധാ)നം. 3379/14/എച്ച്.എഫ്.ഡബ്ളിയു.ഡി തി. 3-12-04 എന്നിവയ്ക്ക് വിധേയമായി രൂപം കൊണ്ടിട്ടുള്ള മാള സാമൂഹികാരോഗ്യ കേന്ദ്രം 2015-16 സാമ്പത്തിക വർഷം മുതലുള്ള HMC വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്കു പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചതായി കാണുന്നുണ്ടെങ്കിലും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയില്ല എങ്കിലും പഴയ തുക ബാലൻസ് നിൽക്കുന്നതായി വാർഷിക കണക്കിൽ കാണുന്നുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | 2-1-5 | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പുനരുദ്ധാരണം ഗവ. ആശുപത്രി കെട്ടിടം പണിക്കുവേണ്ടി സംഭാവന പിരിച്ചത് സംബന്ധിച്ച് | |

| | | | | | |
|---|---|---|---|---|---|
| | | | 2-2-7 | തിരിത്തികളങ്ങര ലിഫ്റ്റ് ഇറിഗേഷൻ | |
| 1997-98 | 15 | 1997-98 | 15 | മാള ആശുപത്രി വികസനം 1997-98 വാർഷിക പദ്ധതി-പണം വക മാറ്റി ചെലവഴിച്ച-പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക നൽകി | സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്നതിനായി കത്ത് സമർപ്പിച്ചിട്ടുണ്ട്. |
| 2000-01 | 9 | 2000-01 | 9 | NABARD Rural Infrastructure Development Fund-3-വെള്ളാഞ്ചിറ പൂഴിച്ചിറ റോഡ് നിർമാണം ക്രമക്കേടുകൾ നഷ്ടം-893440/ | സർചാർജ് നടപടിയിൽ നിന്നും എ ഇ, ശ്രീ. ടി.ടി.ബാഹുവിനെ ഒഴിവാക്കി. ശ്രീ. കെ. എസ്. ജയരാജ്, എ.ഇ-യെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മേൽ നടപടികൾക്ക് ശുപാർശ ചെയ്തു. |
| 2002-03 | 2-9 | 2002-03 | 2-9 | ഞാകാട്ടിൽ ജലനിർഗമനനീർത്തട പദ്ധതിക്ക് കൺവീനർക്ക് അഡ്വാൻസ് തുക നൽകിയത് | പരാമർശം ഒഴിവാക്കി |
| 2008-09 | 3-5 | 2008-09 | 3-5 | വിജ്ഞാനവ്യാപാരകേന്ദ്രം അഗ്രോ ക്ലിനിക് നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. | പ്രസ്തുത കെട്ടിടം നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. |
| 2008-09 | 3-7 | 2008-09 | 3-7 | ആളൂർ പ്രാഥമിക ആരോഗ്യകേന്ദ്രം വനിതാ വാർഡ് നിർമാണത്തിലെ അപാകതകൾ-ഫൈനൽ ബിൽ തുക നൽകി-അപാകതകൾ പരിഹരിച്ചതായി രേഖയില്ല. | അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. |
| 2008-09 | 3-9 | 2008-09 | 3-9 | മണലിക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചത് സംബന്ധിച്ച് | പദ്ധതി പാതിവഴിയിൽ തന്നെ നിൽക്കുന്നു. |
| 2008-09 | 3-10 | 2008-09 | 3-10 | വെണ്ണൂത്തറ ലിഫ്റ്റ് | ഈ പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | | ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല | ഇതുവരെയും കമ്മീഷൻ ചെയ്തിട്ടില്ല. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58215537 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53208685 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 10000 | ശ്രീ. നാസർ, സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 മുതൽ 1997-98 | എൽ.എഫ്.ടി(13)-407/99 തീ.09.07.99 | 4 | 24, 38, 40 | CAR |
| | | | | 39 | |
| 2 | 1998-99 | എൽ.എഫ്.ടി(13)-2073/2001 തീ.18.05.2001 | 2 | 15 | |
| | | | | 21 | CAR |
| 3 | 1999-2000 | എൽ.എഫ്.ടി(13)-273/2001 | 3 | 25(a, B), 26, 37 | |

| | | | | | |
|---|---|---|---|---|---|
| | | തീ.6.08.2001 | | | |
| 4 | 2000-01 | എൽ.എഫ്.ടി(13)-619/04 തീ.6.10.04 | 6 | 2-11, 2-12(1,2), | Surcharge |
| | | | | 2-25, 2-13, 2-19(2), 2-24 | UC |
| 5 | 2002-03 | എൽ.എഫ്.ടി(21)-2424/07 തീ.24.2.09 | 1 | 3-1 | |
| 6 | 2003-04 | എൽ.എഫ്.ടി(21)-2445/07 തീ.24.02.2009/ 8.6.2009 | 2 | 3-1, 3-11 | |
| 7 | 2004-05 | എൽ.എഫ്.ടി(21)-2446/07 തീ.24.02.09/ 8.06.09 | 1 | 3-1 | |
| 8 | 2005-06 | എൽ.എഫ്.ടി(21)-2447/07 തീ. | 1 | 3-1 | |
| 9 | 2006-07 | എൽ.എഫ്.ടി(ബിപി)-1635/11 തീ.28.03.12/ 27.06.12 | 1 | 3-2 | |
| 10 | 2008-09 | എൽ.എഫ്.ടി(ബിപി)-1929/12 തീ.8.02.13/ 2.3.13 | 5 | 3-5, 3-7, 3-9, 3-10 | CAR |
| | | | | 3-13 | സർക്കാർ സാധൂകരണം |
| 11 | 2011-12 | എൽ.എഫ്.ടി(ബിപി)-1937/13 തീ.6.3.14/ 8.4.14 | 3 | 3-2(2), 3-7 | UC സർക്കാർ സാധൂകരണം |
| | | | | 3-1 | |
| 12 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി.2)-1704/15 തീ.15.12.15 | 5 | 3-2, 3-3, 3-6(2,4,5), 3-10, 3-11 | |
| 13 | 2014-15 2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബിപി.2)-605/17 തീ.22.03.18 | 1 | 3-3 | |
| 14 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി.2)-1736/17 തീ.30.11.17 | 5 | 3-1, 3-4(2), 3-5, 3-8, 3-12 | |
| 15 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ | 5 | 3-1(1), 3-1(2), | സർക്കാർ |

| | | | | | |
|---|---|---|---|---|---|
| | | (ബിപി.2)-139/19തീ.29.04.19 | | 3-2, 3-6, 3-13(1), 3-13(2a) | സാധൂകരണം |
| | | | | 3-14 | സർക്കാർ സാധൂകരണം |
| 16 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി.8)-38/2020 തീ.19.05.20 | 3 | 1-14(2) | സർക്കാർ സാധൂകരണം |
| | | | | 1-18, 1-21 | |
| 17 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി.8)-606/2022 തീ.12.07.22 | 28 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20 മുതൽ 1-35 വരെ | |
| 18 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (പി.8)-607/2022 തീ.12.07.22 | 29 | 1-8 മുതൽ 1-36 വരെ | |
| | ആകെ | | 105 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്